158/17R
8078
29/05/17

## കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകപ്പ് - ഐടി @ സ്കൂൾ പ്രോജക്ട് - "സമ്പൂർണ" ഓൺലൈൻ സ്കൂൾ മാനേജ്മെൻറ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ ഡാറ്റാ ശേഖരണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പൊതു വിദ്യാഭ്യാസ (ഡി) വകപ്പ്**

**സ.ഉ.(സാധാ)നം.1602/2017/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 27.05.2017

---

പരാമർശം:-1. 14.12.11 ലെ സ.ഉ.(സാധാ)നം.5566/2011/പൊ.വി.വ.

2. 07.02.12 ലെ സ.ഉ (അച്ചടി)നം.38/2012/പൊ.വി.വ.

3. 29.12.16 ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.

4. 23.05.17 ലെ ഐടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഐടിഎസ്/2017/1421(9) നം.കത്ത്.

<u>**ഉത്തരവ്**</u>

പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ 'സമ്പൂർണ' എന്ന പേരിൽ ഓൺലൈൻ സ്കൂൾ മാനേജ്മെൻറ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയറിൽ വിദ്യാർത്ഥികളുടെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, കുട്ടികളെ സംബന്ധിക്കുന്ന റിപ്പോർട്ടുകൾ, വിവിധ സ്കോളർഷിപ്പുകൾക്കാവശ്യമായ ലിസ്റ്റുകൾ, പ്രോഗ്രസ് റിപ്പോർട്ട്, പ്രോമോഷൻ ലിസ്റ്റ്, സ്പോർട്സ് - സ്കൂൾ കലോത്സവം തുടങ്ങിയ മത്സരങ്ങൾക്കാവശ്യമായ പ്രവേശന ഫോറങ്ങൾ തയ്യാറാക്കൽ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന് ഒരു ഐ.ടി.അധിഷ്ഠിത സിസ്റ്റം തയ്യാറാക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @ സ്കൂളിനെ ചുമതലപ്പെടുത്തിയിരുന്നു. 'സമ്പൂർണ' ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ വിദ്യാർത്ഥികളുടെ പേര്, മതം, ജനന തീയതി എന്നിവ തിരുത്തുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉണ്ടായിരുന്ന അധികാരം അതത് സ്കൂൾ ഹെഡ് മാസ്റ്റർമാർക്ക് നൽകികൊണ്ട് സൂചന (2) പ്രകാരം കേരള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

സ്കൂളുകളിൽ നിന്ന് ഡാറ്റ കളക്ഷൻ 'സമ്പൂർണ' ഉപയോഗിച്ച് മാത്രം നടത്തണമെന്നും അതിനായി മറ്റ് സോഫ്റ്റ്‌വെയറോ ഓൺലൈൻ ആപ്ലിക്കേഷനോ ഉപയോഗിക്കാൻ പാടില്ലെന്നും സൂചന (3) പ്രകാരം തീരുമാനിച്ചിരുന്നു.

സ്കൂളുകളിൽ നിന്നുള്ള വിവരശേഖരണം 'സമ്പൂർണ' ഉപയോഗിച്ച് മാത്രം നടത്തുന്നതിനും ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾമാത്രം ഉപയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (4) ലെ കത്ത് മുഖാന്തിരം എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @ സ്കൂൾ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിലെ വിവരശേഖരണം 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെൻറ് സോഫ്റ്റ്‌വെയറിലൂടെ മാത്രം നടത്തുന്നതിന് ചുവടെപറയുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സ്കൂളുകളിൽ നിന്ന് ഡാറ്റാ കളക്ഷൻ നടത്തുന്നതിന് 'സമ്പൂർണ' സോഫ്റ്റ്‌വെയർ മാത്രം ഉപയോഗിക്കേണ്ടതും ആറാം പ്രവൃത്തിദിന കണക്കെടുപ്പ് ഉൾപ്പെടെയുള്ള ദത്തശേഖരണങ്ങൾ 'സമ്പൂർണ' മുഖേന ആയിരിക്കേണ്ടതുമാണ്.

2. 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെൻറ് സോഫ്റ്റ്‌വെയറിൽ നിന്നും വിദ്യാഭ്യാസ വകുപ്പിലെ വിവിധ

ഏജൻസികൾക്ക് (പരീക്ഷാഭവൻ, എസ്.എസ്.എ, ആർ.എം.എസ്.എ, ഡി.പി.ഐ.യിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷൻ, തുടങ്ങിയവ) ആവശ്യമായ ദത്തശേഖരണം നടത്തുന്നതിന് ഐടി @ സ്കൂൾ സൗകര്യം ഒരുക്കേണ്ടതാണ്. ഈ ഏജൻസികൾ സ്കൂളിന്റെയോ കുട്ടികളുടെയോ ഡാറ്റക്കായി വേറെ ശേഖരണമോ സർവ്വേയോ നടത്തേണ്ടതില്ല.

3. സമ്പൂർണയിൽ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തുന്നതിന് സൗകര്യം ഒരുക്കേണ്ടതാണ്. എസ്.എസ്.എ, ആർ.എം.എസ്.എ, ഡി.പി.ഐ.യിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷൻ, തുടങ്ങിയ ഏജൻസികൾ അവരവർക്കാവശ്യമായ വിശദാംശങ്ങൾ ഐടി @ സ്കൂളിന് നൽകേണ്ടതും ഐടി @ സ്കൂൾ സമ്പൂർണയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

4. സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടേയും എണ്ണം ഉൾപ്പെടെയുള്ള വിശദാംശങ്ങളും വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ വിശദാംശങ്ങളും ഉൾപ്പെടുത്താനുള്ള സൗകര്യവും സമ്പൂർണയിൽ ഉണ്ടാകേണ്ടതാണ്.

5. വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമ്പൂർണയിലെ ഡാറ്റ കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറകടർ, ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ എന്നിവർ യഥാസമയങ്ങളിൽ പുറപ്പെടുവി ക്കേണ്ടതുമാണ്.

6. സ്കൂളുകളെ സംബന്ധിക്കുന്ന അനുബന്ധ സൗകര്യങ്ങൾ, കെട്ടിടങ്ങൾ, ഉപകരണങ്ങൾ, ഫർണിച്ചറുകൾ, സാനിറ്റേഷൻ സൗകര്യങ്ങൾ തുടങ്ങിയ വിശദാംശങ്ങളും സമ്പൂർണയിൽ ഉൾപ്പെടുത്തുന്നതിന് സൗകര്യം ഒരുക്കേണ്ടതാണ്.

7. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ കേന്ദ്രീയ വിദ്യാലയങ്ങൾ, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ തുങ്ങിയവയുടെ വിശദാംശങ്ങളും സമ്പൂർണയിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. സമ്പൂർണയിൽ സ്കൂൾ വിദ്യാർത്ഥികളുടെ ഹാജർ, പഠനനിലവാരം, പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെഭാഗമായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധത്തിൽ 'സമ്പൂർണ' മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഐടി @ സ്കൂൾ ഒരുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷ ടൈറ്റസ്**
**സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@സ്കൂൾ, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ